For Private Circulation Only

April 2026

ആഗമനാമൃതം

HOLY BIBLE

Vol.73

"പ്രീയമുള്ളവരേ ഈ വാഗ്ദത്തങ്ങൾ നമുക്ക് ഉള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല .....വിശുദ്ധിയെ തികെച്ചുകൊൾക" (2കൊരി. 7:1)

No.4

ചില ചോദ്യങ്ങൾ ഉണർത്തപ്പെട്ട ഹൃദയത്തിന് വഴി കാട്ടിയായിരിക്കും

By Joshua Bradley

നിങ്ങളുടെ ആത്മീക ജീവിതത്തിന് ഒരു ഉണർവ്വിനായി നിങ്ങൾ ദാഹിക്കുന്നുവോ? താഴെ കാണുന്ന ചോദ്യങ്ങൾ പുതിയ തലത്തിൽ നിങ്ങളെ പ്രകാശിപ്പിക്കും.

1) നിങ്ങൾ എപ്പോഴെങ്കിലും ഒരു നഷ്ടപ്പെട്ട പാപിയായി നിങ്ങൾ നിങ്ങളെ തന്നെ കണ്ടിട്ടുണ്ടോ? നിങ്ങൾക്ക് എപ്പോഴെങ്കിലും നിങ്ങളുടെ ഹൃദയം ഇഷ്ടവും പാപത്തിന്റെ ഉറവയാണെന്ന് തോന്നിയിട്ടുണ്ടോ? ഈ ചിത്രം യേശുക്രിസ്തുവിലുള്ള രക്ഷയ്ക്ക് യേശുക്രിസ്തുവിനോട് കടംപെട്ടവനാണ് എന്നും നിങ്ങളുടെ ജീവിതത്തിനുള്ള ബലവും ലക്ഷ്യവും യാഥാർത്ഥ്യമാക്കി ക്രിസ്തീയ ദൗത്യം നേരെ നടത്തുവാൻ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കും എന്നും നിങ്ങൾ വിശ്വസിക്കുന്നുവോ?

2) എന്തിൽ ആണ് നിങ്ങൾക്ക് കർത്താവുമായുള്ള അംഗീകാരം അടിസ്ഥാനമായിരിക്കുന്നത്? നിങ്ങളുടെ പുതുക്കിയ ജീവിത നിലവാരത്തിലോ, പാപത്തെക്കുറിച്ചുള്ള നിങ്ങളുടെ ദു:ഖത്തിലോ, നിങ്ങളുടെ പ്രാർത്ഥനയിലോ, നിങ്ങളുടെ കണ്ണുനീരിലോ, നിങ്ങളുടെ അനുസരണത്തിലോ നിങ്ങളുടെ ക്രിസ്തീയ സ്വഭാവത്തിലോ അതോ നിങ്ങൾക്ക് എല്ലാംമെല്ലാമായ ക്രിസ്തുവിൽ മാത്രമോ?

3) എത്രത്തോളം നിങ്ങൾക്ക് പറയാൻ കഴിയും, എല്ലാ പാപങ്ങളിൽ നിന്നുംമുള്ള നിങ്ങളുടെ വിടുതലോ അതിനോടുള്ള നിങ്ങളുടെ വെറുപ്പോ, ഒരു പാപത്തോടുള്ള നിങ്ങളുടെ മോഹം ഒഴികെ. നിങ്ങൾ പാപത്തിനും അതിന്റെ പരീക്ഷകൾക്കും എതിരെയാണോ? നിങ്ങൾ അതിന്മീതെ വിടുതൽ എടുക്കുന്നുവോ? നിങ്ങൾ ഈ പാപങ്ങളെക്കുറിച്ചു അനുതപിച്ചുവോ, നിങ്ങൾ യഥാർത്ഥമായി ഈ പാപത്തെ വെറുക്കുന്നുവോ?

4) ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ നില നിങ്ങൾ കണക്ക് കൂട്ടിയിട്ടുണ്ടോ, നിങ്ങൾ യഥാർത്ഥത്തിൽ അവിടുത്തെ ശിഷ്യനായിരിക്കുന്നുവോ? ക്രിസ്തുവിനെ അനുഗമിക്കുന്ന നിങ്ങൾ വ്യർത്ഥ സന്തോഷങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ചിട്ടുണ്ടോ, വ്യർത്ഥമോഹങ്ങളിൽ നിന്നും, ഈലോകത്തിനു അനുരൂപരാകാതെ,

5) നിങ്ങൾ കർത്താവിനെ സ്നേഹിക്കുന്നുവോ, സമർപ്പിക്കപ്പെട്ടിരിക്കുന്നുവോ? നിങ്ങൾ നീതിയെ സ്നേഹിക്കുന്നുവോ? നിങ്ങൾ ഒരു വിശുദ്ധനായ ദൈവത്തെ സ്നേഹിക്കുന്നുവോ, കാരണം അവിടുന്നു വിശുദ്ധനാണ്, യഥാർത്ഥ സ്വാതന്ത്ര്യവും സ്നേഹവും നൽകുന്ന അവിടുത്തെ ന്യായപ്രമാണത്തെ അനുസരിച്ചു ജീവിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? നിങ്ങളുടെ രക്ഷകനും ദൈവവുമായ കർത്താവോട് കൂട്ടായ്മ ആചരിക്കുവാൻ സമയം കണ്ടെത്താറുണ്ടോ?

6) നിങ്ങളുടെ അയൽക്കാരോട്, നിങ്ങളോടുള്ള കടപ്പാടുകൾ മന:പൂർവ്വമായി, ദൈവിക ബലത്തിൽ, ചെയ്യുവാനായി തീരുമാനിച്ചിട്ടുണ്ടോ? കർത്താവിനോടുള്ള നിങ്ങളുടെ ധ്യാനത്തിന്റെ ഭാഗമായി നിങ്ങളുടെ കടമകൾ അനുദിനം ചെയ്തു തീർക്കുമോ?

7) മന:പൂർവ്വമായി രഹസ്യ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുമോ? ചില സമയം നിങ്ങളുടെ പ്രാർത്ഥന ചത്തതായി നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? മറ്റുള്ള സമയങ്ങളിൽ ജീവനുള്ള പ്രാർത്ഥനയായി തോന്നിയിട്ടുണ്ടോ? ഇപ്രകാരമുള്ള സമയങ്ങളിൽ പ്രത്യേക സമയവും സ്ഥലവും കാഴ്ചപ്പാടും നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ നീക്കിവച്ചിട്ടുണ്ടോ? നിങ്ങളുടെ ചുറ്റുപാടുമുള്ള പ്രാർത്ഥനാ വിഷയങ്ങളിൽ പ്രാർത്ഥിക്കുവാനായി ഒരു സ്ഥിരമായ പ്രാർത്ഥനാ ജീവിതം ക്രമീകരിച്ചിട്ടുണ്ടോ?

8) നിങ്ങൾ ശ്രദ്ധയോടെ ദൈവവചനം വായിക്കാറുണ്ടോ? ബൈബിൾ വായന ഇഷ്ടപ്പെടുന്നുവോ? ഇതിലെ വാഗ്ദത്തങ്ങളുടെ മാധുര്യവും അതിലെ ശാസനകളും താക്കീതും ഇഷ്ടപ്പെടുന്നുവോ? നിങ്ങൾ നിങ്ങളുടെ ആവശ്യങ്ങളും, വെല്ലുവിളികളും, ബലഹീനതകളും അതിൽ നിന്നും കണ്ടുപിടിക്കാറുണ്ടോ? ദൈവവചനത്തെ നിങ്ങളുടെ ആലോചനക്കാരനും, ഹൃദയത്തെയും ജീവിതത്തെയും സ്വാധീനിക്കുന്ന വചനവും ആയി നിങ്ങൾ ഇതിനെ കൈക്കൊണ്ടിട്ടുണ്ടോ?

9) ദൈവത്തിന്റെ മഹത്വം ഒന്നാമത്തെ വലിയ, ഉന്നതമായ നിലവാരം പുലർത്തുന്നതാണെന്ന് നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ, സമൂഹത്തിൽ പ്രാവർത്തികമാക്കുവാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?

10) ദൈവത്തിന്റെ വചനം നിങ്ങളുടെ ലോകത്തിൽ ദൈവസ്നേഹം പ്രകാശിക്കുവാൻ വിശുദ്ധിയുള്ള മാതൃകാ ജീവിതം നയിക്കുന്നതിനും നടത്തത്തിനും സംസാരത്തിനും മാതൃക പുലർത്തുന്നതാണെന്ന് നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ?

11) ക്രിസ്തുവിന്റെ മുമ്പാകെ പേടിപ്പെടുത്തുന്ന വിഷയവുമായി കടന്നു വരാറുണ്ടോ? അതു നീചമല്ലേ? പിന്മാറ്റക്കാരെക്കുറിച്ച് ആത്മീക മരവിപ്പിനെ, ചിന്തയില്ലാത്ത അനുഭവത്തെക്കുറിച്ച് നിങ്ങൾ ബോധവാന്മാരല്ലേ?

12) നിങ്ങൾ കൃപയിലും ക്രിസ്തുവിന്റെ പരിജ്ഞാനത്തിലും കൂടുതലായി വളരുവാൻ നിങ്ങൾക്കാഗ്രഹമി

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ചില ചോദ്യങ്ങൾ ഉണർത്തപ്പെട്ട..... കാട്ടിയായിരിക്കും.

ല്ലേ? ഒരു കൊച്ചുകുട്ടിയെപ്പോലെ അവിടുത്തെ പാദപീഠത്തിലിരിക്കുവാൻ നിങ്ങൾക്കാഗ്രഹമില്ലേ, നിങ്ങളുടെ ആശയങ്ങളും അവിടുത്തെ പാദപീഠത്തിൽ വയ്ക്കുവാൻ നിങ്ങൾക്ക് കഴികയില്ല. മാരകമായ തെറ്റുകളിൽ നിന്നും വിടുവിച്ച് സത്യത്തിന്റെ പാതയിൽ നേരോടെ നടത്തുവാൻ കഴിയുന്ന പരിശുദ്ധാത്മാവിനെ ക്ഷണിക്കുവാൻ നിങ്ങൾക്കു ആഗ്രഹമില്ലേ? എല്ലാറ്റിലുമുപരി, സത്യത്തിന് അവിടുത്തെ രൂപാന്തരത്തിലും കൂടുതൽ കൂടുതൽ വളർച്ച പ്രാപിച്ച് അവിടുത്തെപ്പോലെ ആയിത്തീരുവാൻ നിങ്ങൾക്കാഗഹമില്ലേ?

ശ്രദ്ധിക്കുക

ഈ പ്രധാനപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ ശ്രദ്ധിക്കുക. ഇതിനെ ലഘുവായി കാണരുത്. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ വായിച്ച് ആഴമായി ചിന്തിച്ചുകണ്ടുപിടിക്കുക. ഓരോ ചോദ്യങ്ങളും പരിശോധിച്ച് ദൈവത്തിങ്കലേക്ക് ഹൃദയം ഉയർത്തുക. ഒരു പക്ഷേ നിങ്ങൾക്ക് ഒരു പ്രാവശ്യം കൊണ്ട് ഉത്തരം പറയാൻ കഴിഞ്ഞേക്കില്ല. ഭാഗം ഭാഗമായി വിഭജിച്ച് ഓരോന്നിനായി ഉത്തരം കണ്ടുപിടിക്കുക.

ഏതെങ്കിലും ഭാഗം നിങ്ങൾക്കു തന്നെ സംശയം തോന്നിയാൽ, അഥവാ ഏതെങ്കിലും ഭാഗത്ത് ന്യൂനതയുണ്ടെന്നു കണ്ടാൽ, അത് നിങ്ങളെ അധൈര്യപ്പെടുത്തരുത്, എന്നാൽ അത് എഴുതിവയ്ക്കണം, ആ പ്രത്യേകഭാഗത്തേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കേണം, പിന്നെ സാദ്ധ്യമായ ഒരു പ്രാർത്ഥനയുടെ ആരാധനയുടെ അവസരത്തിനായി കാത്തിരിക്കേണം. ആ ഭാഗത്തിന്റെ ഉത്തരം കിട്ടുന്നതുവരെയും പ്രാർത്ഥിക്കുക. പഠിക്കുക. ഇപ്രകാരമുള്ള പ്രവൃത്തി തുടർന്നാൽ, നിങ്ങൾ ഇപ്രകാരമുള്ള ധാരാളം പരിശോധനകളിൽ മറുപടി കണ്ടെത്തും. അങ്ങനെ ചില പരീക്ഷകൾ നമ്മുടെ ജീവിത വഴിയിൽ വന്നുകൊണ്ടേയിരിക്കും.

ഇങ്ങനെയുള്ള രഹസ്യ പ്രാർത്ഥനകളെ ഓർക്കുക, വചനം വായിക്കുക, ധ്യാനിക്കുക, ഈ വഷളത്വം നിറഞ്ഞ തലമുറയുടെ നടുവിൽ യഥാർത്ഥത്തിൽ ദൈവത്തിൽ ആശ്രയിച്ച് ഉണർവ്വ് പ്രാപിച്ചിരിക്കുന്ന വ്യക്തികളിൽ ഒരു സ്വയശോധന വളരെ അത്യാവശ്യമാണ്. ഇപ്രകാരം വിശ്വസ്ത പുലർത്തി ദൈവസന്നിധിയിൽ വചനം ധ്യാനിച്ച് ജീവിക്കുമ്പോൾ കർത്താവ് അവരുടെ ഉള്ളിൽ വസിച്ച് സമാധാനം നൽകുന്നു, നിങ്ങളുടെ ആത്മീയ ജീവിതത്തിന് കൂടുതൽ ബലം ആയിരിക്കും.

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2026 മാർച്ച് മാസം നമ്മെ വിട്ട് കടന്നു പോ യി ഏപ്രിൽ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

" കൂടാരമായ ഞങ്ങളുടെ ഭൗമ ഭവനം അഴിഞ്ഞു പോയാൽ കൈപണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു. ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ടു ഞങ്ങൾ നഗ്നരായിട്ടല്ല ഉടുപ്പുള്ളവരായിരിക്കുന്നു. എങ്കിൽ സ്വർഗ്ഗീയമായ ഞങ്ങളുടെ പാർപ്പിടം അതിനു മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു. ഉരിവാനല്ല മർത്യമായത് ജീവനാൽ നീങ്ങിപ്പോകേണ്ടതിനു മീതെ ഉടുപ്പാൻ ഇച്ഛിക്കയാൽ ഞങ്ങൾ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം ഭാരപ്പെട്ടു ഞരങ്ങുന്നു. അതിനായി ഞങ്ങളെ ഒരുക്കിയത് ആത്മാവിനെ അച്ചാരമായി തന്നിരിക്കുന്ന ദൈവം തന്നെ. ആകയാൽ എല്ലായ്പ്പോഴും ധൈര്യപ്പെട്ടും ശരീരത്തിൽ വസിക്കുമ്പോഴൊക്കെയും കർത്താവിനോട് അകുന്നു പരദേശികൾ ആയിരിക്കുന്നു എന്ന് അറിയുന്നു. കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടു കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു". (2കൊരി. 5:1-8)

നാം നമ്മെത്തന്നെ കർത്താവിന്റെ കരങ്ങളിൽ ഏല്പിക്കുക. ലോകം അതിന്റെ അന്ത്യഘട്ടത്തൽ എത്തിക്കൊണ്ടിരിക്കുന്നു. കർത്താവ് നമ്മെ ഒരിക്കലും കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല. വിശ്വാസത്തോടെ പ്രത്യാശയോടെ ഓരോ ദിവസവും ജീവിക്കുക. ദൈവം നമ്മുടെ ഏറ്റവും അടുത്ത തുണയും സഖിയും ആശ്വാസകനും സൗഖ്യദായകനുമാണെന്ന് പൂർണ്ണമായി വിശ്വസിക്കുക. നമ്മുടെ ബലഹീനതകളെ കർത്താവ് അറിയുന്നു. കർത്താവിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ വസിച്ചുകൊണ്ട് ആ അത്യന്ത ശക്തിയെ ജീവിതത്തിലൂടെ വെളിപ്പെടുത്തി യേശുവിനുവേണ്ടി ശക്തിയോടെ നിൽക്കുവാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

ചില ചോദ്യങ്ങൾ ഉണർത്തപ്പെട്ട..... കാട്ടിയായിരിക്കും.

നിങ്ങൾ വലിയ വിജയവും സന്തോഷവും അവകാശമാക്കി ഉയർന്ന ദൈവകൃപയുടെ നിലവാരത്തിൽ നിങ്ങൾ ജീവിക്കുമ്പോൾ, വരും കാലങ്ങളിൽ ജീവിക്കാനാവശ്യമായ ദൈവശക്തി നിങ്ങൾ പ്രാപിച്ചിരിക്കുന്നു എന്ന് ചിന്തിക്കരുത്. ജീവിതാവസാനം വരെ സ്വയ ശോധനയും ആവർത്തിച്ചുള്ള പരിശോധനയും ജീവനിതത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

സത്യക്രിസ്ത്യാനിത്വം ജീവിതത്തിന്റെ ഓരോ ഭാഗങ്ങളും സ്വാധീനിക്കുന്നു. ഇത് നമ്മുടെ വ്യക്തിത്വത്തെ വ്യത്യാസപ്പെടുത്തി മാധുര്യമേറിയതാക്കുന്നു. നമ്മുടെ ഇടപെടലുകളെ വ്യത്യാസപ്പെടുത്തുന്നു. ഇത് ജീവിതത്തിന്റെ കർത്തവ്യങ്ങളിലും ബന്ധങ്ങളിലും പരിതസ്ഥിതികളിലും വ്യത്യാസമുള്ളതാക്കുന്നു. യേശുക്രിസ്തുവിന്റെ കർത്തൃത്വത്തിന് നിങ്ങളെത്തന്നെ സമർപ്പിച്ചാൽ, നിങ്ങൾക്ക് നല്ല ആത്മാവിനെ കിട്ടും, നിങ്ങൾ കർത്താവിന്റെ വിശ്വസ്ത സേവകർ ആയിരിക്കും, നല്ല വിദ്യാർത്ഥികൾ, നല്ല കൂട്ടുകാർ, രാജ്യത്തിന്റെ നല്ല പൗരന്മാർ ആയിരിക്കും. ഓരോ ജോലിയിലും മാതൃകയുള്ള വരായിരിക്കും.

കർത്താവായ യേശുവിലുള്ള നിങ്ങളുടെ വിശ്വാസം, ഈ ദൈവകൃപയുടെ സ്വാധീനം നിങ്ങളെ അനുവദിക്കരുത്, എങ്കിലും നിങ്ങളുടെ ആന്തരികമായ സമാധാനത്തെക്കുറിച്ചും ആഴമായ ആത്മിക അനുഭവങ്ങളെക്കുറിച്ചും നിങ്ങൾ സംസാരിക്കുക, രക്ഷയെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ വെറും തോന്നലുകൾ അല്ല, കർത്താവായ യേശുവിങ്കലേക്കുള്ള വഴിയും നിങ്ങളിൽ ഉണ്ട്. ഇവിടെയാണ് യേശു പറഞ്ഞത്, " നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും" (യോഹ. 15:8).

ആവശ്യമില്ലാത്ത ചിന്തകളെ ഒഴിവാക്കാൻ ശ്രമിക്ക. കർത്താവായ യേശുക്രിസ്തുവിലുള്ള സന്തോഷം നിങ്ങളിൽ ഉണ്ടായിരിക്കട്ടെ. സന്തോഷമുള്ളവരായിരിക്ക; കാര്യവിചാരമില്ലായ്മ ഒഴിവാക്കുക. വളരെ താഴ്മയോടിരിക്ക; മനോദു:ഖം ഒഴിവാക്കുക. മറ്റുള്ളവരുടെ കാര്യം കഴിവതും പറയാതിരിക്കുക. നല്ല വിശ്വാസികളെ ശ്രദ്ധിക്കുക. കർത്താവായ യേശുവിനെക്കുറിച്ചുള്ള ദൂത് നിങ്ങളുടെ സ്നേഹിതന്മാരെയും ബന്ധുക്കളെയും അറിയിക്ക. നിങ്ങളുടെ നല്ല വ്യക്തിത്വവും നല്ല മാതൃകയും ഉപയോഗിച്ച് നിങ്ങൾ ആയിരിക്കുന്ന കൃപയിലേക്ക് അവരെ നേടുക. യൗവ്വന മോഹങ്ങളെ വിട്ടു ഓടുക ലോകത്തിന്റെ മോഹങ്ങളെ വിടുക. സ്വയപുകഴ്ചകൾ ക്കെതിരെ നിൽക്കുക; ഇത് നിങ്ങളെ ആത്മീക ദാഹത്തിലേക്ക് നയിക്കും.

ലോകത്തെക്കുറിച്ചും, സാത്താനെക്കുറിച്ച് ഓർത്ത് അധൈര്യപ്പെടരുത്. നിങ്ങളുടെ രക്ഷകൻ ഇവയൊക്കെ നിങ്ങൾക്കു വേണ്ടി അനുഭവിച്ചു. അവിടുത്തെ പരമയാഗത്തെക്കുറിച്ചു ചിന്തിക്കുക, ഒന്നിനെക്കുറിച്ചും ലജ്ജിക്കരുത്. ദൈവത്തെ ഭയപ്പെടുക. അവിടുത്തെ സംരക്ഷണത്തിൽ ആശ്രയിക്ക. അവിടുത്തെ നാമത്തെ സ്തുതിക്ക. ദൈവത്തിന്റെ മഹത്വത്തിൽ നിങ്ങൾ സദാകാലവും ജീവിക്കും.

❖

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിക്കപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

ക്രൂശ് എന്തിനായി നിലകൊള്ളുന്നു

By Samuel Chadwick

" അന്നു മുതൽ താൻ യെരുശലേമിൽ ചെന്നിട്ട്, മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാനാൾ ഉയിർത്തെഴുന്നേൽക്കയും വേണ്ടത് എന്ന് ശിഷ്യന്മാരോട് പ്രസ്താവിച്ചു തുടങ്ങി. പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി; കർത്താവേ, അത് അരുതേ നിനക്ക് അങ്ങനെ ഭവിക്കരുതേ എന്ന് ശാസിച്ചുതുടങ്ങി. അവനോ തിരിഞ്ഞ് പത്രോസിനോട് സാത്താനേ എന്നെ വിട്ടു പോ, നീ എനിക്ക് ഇടർച്ച ആകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നത് എന്ന് പറഞ്ഞു " (മത്താ. 16:21-23).

(3-ാംപേജിന്റെ തുടർച്ച)

ക്രൂശ് എന്തിനായി നില കൊള്ളുന്നു

ക്രൂശ് വിശ്വാസത്തിന്റെ പരിണത ഫലം മാത്രമല്ല, ആത്മാവിന്റെ അനുഭവം കൂടെയാണ്. ക്രൂശ് എന്നത് നിത്യപൗരോഹിത്യത്തിനായുള്ള ഒരു വഴി കൂടെയാണ്, അതുകൊണ്ട് ശിഷ്യന്മാരുടെ രക്ഷയിലേക്കുള്ള ഏക വഴിയാണ്. ഗുരുവിന്റെ പത്രോസിനോടുള്ള ശാസനയാണ് ക്രൂശിന്റെ സാർവ്വലൗകികവും കേന്ദ്രീകൃതവും അതിശയോക്തിയുള്ളതുമായ ദൈവരാജ്യത്തിന്റെ അവസ്ഥ. അപ്പോസ്തലന്മാർ തങ്ങൾക്കു വേണ്ടി കർത്താവിനോട് അപേക്ഷിക്കുന്നു. രക്ഷപ്പെടുവാൻ നോക്കുന്നു. കഷ്ടതയിൽ നിന്നും മരണത്തിൽ നിന്നും ഓടിപ്പോകുവാൻ ശ്രമിക്കുന്നു. ക്രിസ്തു ആ സംഗതിയെ ഉൾക്കൊള്ളാതെ വലിച്ചെറിയുകയാണുണ്ടായത്. ക്രിസ്തു ഇതിൽ കണ്ടത് ലൗകികമായ ഗുണങ്ങളും സാത്താന്റെ പരീക്ഷയുമാണ്.

ലോകജ്ഞാനം, സ്വയാർജിതമാണ്, സ്വയമായി അന്വേഷിക്കുന്നതാണ്. നിങ്ങൾക്കുവേണ്ടി കരുതുക എന്നതാണ്. ഇതിന്റെ തത്വം. ദൈവരാജ്യത്തിന്റെ ഉപദേശം കരുതൽ അല്ല ത്യാഗം ആണ്.

ക്രൂശിനെ ഒഴിവാക്കുന്നവർക്ക് ദൈവരാജ്യം നഷ്ടപ്പെടുകയാണ്. യേശു യെരുശലേമിലേക്ക് പോകേണം, മരിക്കേണം, എന്നാൽ ഓരോ മനുഷ്യരും യേശുവിനെ അനുഗമിക്കേണം, ക്രൂശ് വഹിക്കേണം. പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞത്: " ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ " (മത്താ. 16:24).

വിവിധ ആളുകൾ വിവിധ രീതികളിൽ ക്രൂശിനെ വ്യാഖ്യാനിക്കുന്നു. സമ്മതം ഇല്ലാതെ നിർബ്ബന്ധമായി ജോലി ചെയ്യിക്കുക, ഹൃദയത്തിലെ നഷ്ടപ്പെടുത്തുവാനുള്ള പരിപാടികൾ. ചിന്തിക്കുന്ന ക്രൂശ് എന്നത് വിശ്വസ്തമായി ചെയ്തു വന്ന ജോലികളിൽ മന:പൂർവ്വമായി പങ്കെടുക്കാതിരിക്കുക. പുതിയ നിയമത്തിൽ വ്യക്തമായ യാഥാർത്ഥ്യങ്ങളിലാണ് ക്രിസ്തീയ രാജ്യം നിലകൊള്ളുന്നത്. ഇത് കോപത്തിന്റെ അടയാളമാണ്. ത്യാഗത്തിന്റെ യാഗപീഠമാണ്, ഒരു മദ്ധ്യസ്ഥതയുടെ അനുഭവമാണ്.

ക്രിസ്തുവിന്റെ നിന്ദയെ പങ്കു വയ്ക്കാം.

യേശുവിന്റെ ശിഷ്യന്മാർ ഒരു ക്രൂശ് വഹിക്കുന്നു. ക്രൂശു വഹിക്കുന്നവൻ, ലോകത്തിൽ നിന്നും പുറത്തുവരേണം, ലോകത്തോട് തന്റെ ചട്ടങ്ങളും വിധികളും പങ്കുവയ്ക്കേണം. ലോകം യേശുവിനെ ക്രൂശിച്ചു എങ്കിൽ തന്നെ പിന്തുടരുന്നവർക്കും അതിലധികമായി ഒന്നും പ്രതീക്ഷിക്കുവാനില്ല. നമ്മെത്തന്നെ താഴ്ത്തി നമുക്കു അവിടുത്തെ സേവ ചെയ്യാം.

നമുക്കുവേണ്ടി തന്നെത്താൻ യാഗമാക്കി.

ദൈവത്തിന്റെ ഇഷ്ടത്തിന് തന്നെത്തന്നെ സമർപ്പിച്ചതിന്റെ അടയാളമായി ക്രൂശ് നില്ക്കുന്നു. ലോകത്തിന്റെ നിലപാടിൽ നിന്നു നോക്കുമ്പോൾ ക്രിസ്തുവിന്റെ മരണം ഒരു കൊലപാതകമാണ്; നിത്യമായ ചിന്താഗതിയിൽ ഇത് ദൈവത്താൽ നിയമിക്കപ്പെട്ട ഒരു സംഗതിയാണ്, കർത്താവിനോടുള്ള ബന്ധത്തിൽ ഇത് തന്നെത്താൻ അർപ്പിച്ച ഒരു പ്രവൃത്തിയാണ്; താൻ തന്നെ ഇങ്ങനെ പറയുന്നു എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നതു കൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നോട് എടുത്തു കളയുന്നില്ല; ഞാൻ തന്നെ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കധികാരമുണ്ട്; വീണ്ടും പ്രാപിപ്പാനും എനിക്കധികാരമുണ്ട്; ഈ കല്പന എന്റെ പിതാവിങ്കൽ നിന്ന് എനിക്ക് ലഭിച്ചിരിക്കുന്നു " (യോഹ. 10:17,18). അവിടുന്നു തന്നെത്താൻ നമുക്കുവേണ്ടി ഏല്പിച്ചു, സഹായമറ്റ ഒരു പ്രവൃത്തി അല്ല. ക്രൂശിലെ മരണം തന്റെ അനുസരണത്തിന്റെ അവസാന ആവശ്യം ആയിരുന്നു. ഇതിന്റെ വേദനയിൽ താൻ പാപത്തിന്റെ അവസാന ശിക്ഷയും സഹിച്ചതിന്റെ മുദ്രയും ശിഷ്യത്വത്തിന്റെ പരിശോധനയും.

അവിടുത്തെ ക്രൂശ് നമുക്ക് വഹിക്കാമോ? ലോകത്തിൽ നിന്ന് പുറത്തു വരാമോ? അവർക്കു വേണ്ടി കരയാമോ? അവരുടെ നിന്ദ വഹിക്കാമോ? നിങ്ങൾ എല്ലാറ്റിനും ദൈവ ഇഷ്ടത്തിന് സമർപ്പിച്ചിട്ടുണ്ടോ? കർത്താവായ യേശുക്രിസ്തുവിന്റെ ത്യജിക്കപ്പെടലും ആളുകളോട് തന്റെ രക്ഷയുടെ പദ്ധതിയും വെളിപ്പെടുത്തുമോ? നിങ്ങൾ ആളുകൾക്കു വേണ്ടി കണ്ണുനീരൊഴുക്കുമോ? പ്രാർത്ഥിക്കുമോ? കർത്താവിനുവേണ്ടി ജീവിക്കുമോ? കർത്താവിനുവേണ്ടി മരിക്കാൻ തയ്യാറാവുമോ? ക്രൂശിനു വേണ്ടി നില്പാൻ നിങ്ങൾ തയ്യാറാറാണോ, ക്രൂശില്ലാതെ യേശുവിന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. ❖

മേരിമോൺസനും ദൈവത്തിന്റെ വിശ്വസ്തതയും (ഭാഗം 5)

1929-ൽ നോർവീജീയൻ മിഷ്യനറിയായ മേരിമോൺസൺ, വടക്കൻ ചൈനയിൽ ഉണർവ്വിനായി ദൈവത്താൽ ഉപയോഗിക്കപ്പെട്ട വനിത, യത്ര ചെയ്ത് ദൈവത്തിന്റെ സംരക്ഷണത്തിൽ ഒരു ആവിക്കപ്പലിൽ ചൈനയുടെ തീരത്ത് എത്തിച്ചേർന്നു. ആ സമയത്ത് അത് കടൽക്കൊള്ളക്കാരുടെ കയ്യിൽ ആയിരുന്നു. ആ സമയത്തു ഏക വിദേശിയായി ഏക ക്രിസ്ത്യാനിയായി അവർ ആ കപ്പലിൽ ഉണ്ടായിരുന്നുള്ളൂ. ആ സമയം യാത്രക്കാരെല്ലാവരും കൊള്ളയടിക്കപ്പെട്ടു ക്യാബിനിൽ നിന്നും അവർ പുറത്താക്കപ്പെട്ടു, അവർക്ക് ഒരു ചെറിയ മുറി ഒരു ചെറിയ വാടകയ്ക്ക് നൽകപ്പെട്ടു. അത് ദൈവത്തിന്റെ പ്രത്യേകതയിൽ അവർ ചൈനയുടെ തീരത്ത് എത്തിച്ചേർന്നു. അവരുടെ വാക്കുകളിൽ തുടർന്ന് വായിക്കാം.

23-ാം ദിവസം, ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഞങ്ങൾ ആ വെടിയൊച്ച കേട്ടു കഴിഞ്ഞപ്പോൾ, ആളുകൾ ഓടുന്ന ശബ്ദം ഞങ്ങൾ കേട്ടു, കൊള്ളക്കാർ കപ്പൽ വിട്ടു പോയിരുന്നു. ക്യാപ്റ്റനോടു കപ്പലിൽ നിന്നും പുറത്തു പോകുവാൻ പറഞ്ഞു, പുതിയൊരു ഓട്ടം ആരംഭിച്ചു, ഞങ്ങളുടെ ബോട്ട് മുമ്പേ, തോക്കുധാരികൾ ഞങ്ങളെ അനുഗമിച്ചു.

തോക്കുധാരികൾ സഞ്ചരിക്കുന്ന ബോട്ട് കൊള്ളക്കാർ കണ്ടു. ബോട്ടിൽ നിന്നും ആദ്യ വെടിയൊച്ച കേട്ടു. വീണ്ടും വീണ്ടും വെടിയൊച്ച മുഴങ്ങി.

നമുക്ക് വിദേശിയെ കൂടെ കൂട്ടണം. വിദേശിയെ കൂടെ കൂട്ടാതെ നമുക്കു പോകാൻ സാദ്ധ്യമല്ല. ഒരു വിദേശി ഞങ്ങളുടെ കൂടെ ഉണ്ട് എന്ന് കണ്ടിട്ട് അവർക്ക് വെടിവയ്ക്കാൻ കഴിഞ്ഞില്ല.

അവസാന ശബ്ദം ഞാൻ പറഞ്ഞു കേട്ടത്: ഈ പരിതസ്ഥിതിയിൽ വിദേശിയോട് സംസാരിക്കുന്നതിൽ കാര്യമില്ല. കഴിഞ്ഞ 23 ദിവസമായി അവർ ഒന്നും കഴിച്ചിട്ടില്ല; നടക്കാൻ അവർക്ക് കഴിയില്ല. നമ്മോടൊപ്പം നടക്കാൻ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

മേരി മോൺസനും ദൈവത്തിന്റെ വിശ്വസ്തതയും

അവർ ക്ക് കഴിയില്ല. അപ്പോൾ കൊള്ളക്കാർ കപ്പൽ വിട്ടു പോയി.

ഞാൻ കപ്പലിന്റെ മുകൾത്തട്ടിൽ ആയിരുന്നു, ഒരു നിമിഷം ചിന്തിച്ചു, ക്യാപ്റ്റൻ കപ്പലോടിച്ചു, തോക്കേന്തിയ ബോട്ടും മുന്നോട്ടു പോയി. കൊള്ളക്കാർ ഓടിപ്പോയി. അവനും ജീവനും കൊണ്ട് ഓടിപ്പോയി.

ഒരു നെടുവീർപ്പിട്ട് ഞാൻ ചിന്തിച്ചു, എന്റെ പ്രവർത്തനങ്ങൾ ഏകദേശം അവസാനിച്ചു. അവർ ഞങ്ങളെ പിടിച്ചുകൊണ്ട് പോകും, അവരിൽ ചിലർ രക്ഷിക്കപ്പെടുവാൻ കാരണമായിത്തീർന്നു, എന്നാൽ ഞാൻ അത് വിശ്വസിച്ചില്ല, കാരണം ബൈബിൾ എന്റെ കൈവശമുണ്ട്. അതിലെ വാഗ്ദത്തങ്ങളുമുണ്ട്.

അധികം ചിന്തിച്ചു നില്പാൻ സമയമില്ല. യാത്രക്കാർ! എനിക്ക് താഴെപോകേണം, അവരെ കാണേണം. അവരെല്ലാവരും തല കുനിഞ്ഞ് താഴേക്ക് നോക്കി. കരിങ്കൽ കണക്കേ ആയിരിക്കുന്നു. ഞാൻ ഏണിയിൽ നിന്നും വിളിച്ചു പറഞ്ഞു. കയറി വരിക, കയറിവരിക, കൊള്ളക്കാർ എല്ലാവരും പോയിരിക്കുന്നു!. ആരും അനങ്ങിയില്ല. ആരും മുകളിലേക്ക് നോക്കിയതുമില്ല. ഞാൻ എന്റെ വാക്കുകൾ ആവർത്തിച്ചു. ഇപ്പോഴും അവർ അനങ്ങാതെ ഇരുന്നു ചലിച്ചതുപോലുമില്ല. “ ഞാൻ വിദേശി, കയറി വരിക, കയറി വരിക! പെട്ടെന്ന് അവർ എഴുന്നേറ്റ്, കണ്ണുകൾ പ്രകാശിപ്പിച്ച് കൊള്ളക്കാർ ഓടിപ്പോയി എന്ന് കണ്ടു. അവർ ചിരിക്കുവാനും, സന്തോഷം കൊണ്ട് കരയുവാനും പർസപരം ആലിംഗം ചെയ്തും ആയിരുന്നു. ആവർ സന്തോഷത്തോടെ ശാന്തമായിരുന്നു.

നാം കഴിഞ്ഞ 23 ദിവസങ്ങളായി ഹൃദയങ്ങളിൽ വാൾ അവർ പറഞ്ഞു.

കൊള്ളക്കാർ 20 യാത്രക്കാരെ കൂടെകൂട്ടി, കൂടുതലും സ്ത്രീകൾ ആയിരുന്നു. എന്നാൽ അന്നു സന്ധ്യ മയങ്ങുന്നതിന് മുമ്പായി അവരെല്ലാവരും മടങ്ങി വന്നു. അവരിൽ 12 പേർ എന്റെ മുറിയിൽ എന്നെ കാണാൻ എല്ലാ ദിവസവും കൊള്ളക്കാർ വിശ്രമിക്കുന്ന സമയത്ത്, പുകവലിവലിച്ച് മയങ്ങുന്ന സമയത്ത് വരുമായിരുന്നു. അതിനുള്ള വഴികൾ ചായക്കാരൻ ഞങ്ങൾക്ക് ഒരുക്കിയിരുന്നു. ആ മണിക്കൂറുകൾ പിന്നത്തേതിൽ ഞങ്ങൾക്കനുഗ്രഹമായിരുന്നു. അവരിലൊരാളും മുമ്പു സുവിശേഷം കേട്ടിരുന്നില്ല. അവർക്ക് പ്രശ്നങ്ങളുണ്ടായിരുന്നു, അതുകൊണ്ട് അവർ ഹൃദയങ്ങളെ തുറന്നു.

അന്നു വൈകുന്നേരം ആ സഹോദരിമാർ മടങ്ങി വന്നപ്പോൾ അവർ സന്തോഷത്തോടെ പറഞ്ഞു: “ ഞങ്ങളെ വിടുവിക്കുവാൻ വിദേശിയുടെ ദൈവത്തോട് പ്രാർത്ഥിച്ചു, അവിടുന്ന് ഞങ്ങളെ വിടുവിച്ചു! ” അവർ സന്തോഷമുള്ളവരായിരുന്നു. അതിന്റെ ശേഷം ദൈവത്തെ സ്തുതിക്കുവാൻ കാരണമായി.

അതിന്റെ ശേഷം ചില ആളുകൾ എന്നോട് പറഞ്ഞു, കൊള്ളക്കാരിലൊരാൾ ഈ സ്ത്രീകൾക്ക് സൗകര്യമൊരുക്കി രക്ഷിക്കുവാനിടയായി, മറ്റുള്ള കൂട്ടുകാരോട് അദ്ദേഹം പറഞ്ഞു. ഈ സ്ത്രീകൾ എന്റെ സംരക്ഷണത്തിലാണ്. “ എന്റെ ശവശരീരത്തിലൂടെ മാത്രമെ നിങ്ങൾക്ക് ഇവിടെ പ്രവേശിപ്പാൻ കഴിയൂ ”. അയാൾ പറഞ്ഞു. അദ്ദേഹം അതിന് വിശദീകരണം പറഞ്ഞു, ഞാൻ അവർക്കു വേണ്ടി ഉത്തരവാദിയായി അവരെ സംരക്ഷിക്കും.

അടുത്ത കുറച്ചു ദിവസങ്ങൾ യാത്രക്കാരായ സഹോദരങ്ങൾക്ക് അത്ഭുതകരമായ ദിവസങ്ങൾ ആയിരുന്നു. അവരുടെ ഹൃദയങ്ങൾ തുറന്നു. ട്രാക്റ്റുകൾക്കും ബൈബിൾ ഭാഗങ്ങൾക്കും വേണ്ടിയുള്ള പോരാട്ടമായി തുടർന്നുള്ള ദിവസങ്ങൾ. “ ഇതു ഞങ്ങൾ ക്ക് ഞങ്ങളുടെ അമ്മ ഞങ്ങളുടെ കൂടെ ഉള്ളതുപോലെ തോന്നുന്നു ”. ആ ദിവസങ്ങളിൽ ഒന്നിൽ അധികം പ്രാവശ്യം ഈ വാക്കുകൾ കേട്ടു. എന്നാൽ ഏറ്റവും ശ്രേഷ്ഠമായ കാര്യം ഇതായിരുന്നു. “ നിന്റെ ദൈവം ഈ കാര്യങ്ങളിലൂടെ നിന്നെ സഹായിച്ചു. ഞങ്ങൾ അത് കണ്ടു. എന്നാൽ ഞങ്ങളുടെ ദൈവങ്ങൾ ഒന്നും ആവശ്യങ്ങളുടെ മുഖത്ത് ഞങ്ങളെ സഹായിക്കാറില്ല. ദൈവത്തിന് നന്ദി. ഒരു വ്യത്യാസവുമില്ല. നിങ്ങളുടെ ദൈവം ശ്രേഷ്ഠനാണ്.

ഒടുവിൽ 27 -ദിവസങ്ങൾക്ക് ശേഷം ഞങ്ങൾ എത്തേണ്ട ഇടത്ത് ഞങ്ങൾ എത്തി. എന്നാൽ അവിടെ പോരാട്ടം നടക്കുകയായിരുന്നു. തുറമുഖത്തിന്റെ ചുമതലക്കാരൻ വന്നു. അദ്ദേഹം ഒരു ക്രിസ്ത്യാനി ആയിരുന്നു. അദ്ദേഹം ഇവിടെ അടുപ്പിക്കുന്നത് പ്രയാസമുള്ള കാര്യമാണ്, സൗകര്യപ്രദമായ ഒരു സ്ഥലമുണ്ടെങ്കിൽ പറയാം എന്ന് എനിക്ക് വാക്കു തന്നു. ചില മണിക്കൂറുകൾക്കു ശേഷം അദ്ദേഹം മടങ്ങി വന്നു.

“ നിങ്ങൾ വളരെ നേരം കപ്പലിൽത്തന്നെ കഴിയേണ്ടി വരും. എന്നാൽ ഒന്നു രണ്ട് മണിക്കൂറുകൾക്കകം മഞ്ചൂറിയായിലുള്ള ഡൈറൺ - ലേക്ക് പോകും. അതിൽ ഒരു ഫസ്റ്റ് ക്ലാസ് ക്യാബിൽ നിങ്ങൾക്കായി ബുക്ക് ചെയ്തിട്ടുണ്ട്. ഇതാ നിങ്ങളുടെ ടിക്കറ്റ്. ഇവിടെയുള്ള ആളുകളെ നിങ്ങൾ ക്ക് പരിചയപ്പെടുത്തുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദൈവം നിങ്ങളെ അനുഗ്രഹിക്കുകയും സഹായിക്കയും ചെയ്യുമാറാകട്ടെ ”.

പ്രതീക്ഷിക്കാത്ത അതിഥി, ഞാൻ ഡയറൻലിലുള്ള ഡാനിഷ് മിഷ്യനറി ഹോമിൽ എത്തിച്ചേർന്നു, ഞങ്ങൾക്ക് നല്ല സ്വാഗതം അരുളി ഞങ്ങൾ ചില വാക്കുകളിൽ ആശയ വിനിമയം നടത്തി, അപ്പോൾ എമിൽജൻസൻ ഉം ഭാര്യയും പറഞ്ഞു, “ കർത്താവ് കാണിച്ച ദയയക്ക് നാം ദൈവത്തെ സ്തുതിക്കേണം”, ഞങ്ങൾ വളരെ സന്തോഷത്തോടെ അത് ചെയ്തു. കുളി, ഭക്ഷണം, കിടക്ക, സ്നേഹത്തോടെയുള്ള കരുതൽ എല്ലാറ്റിലുമുപരി വിശുദ്ധന്മാരുടെ കൂട്ടായ്മയും ഉണ്ടായിരുന്നു.

വഴി യാത്രയിലുണ്ടായ അടിമത്വവും അനുബന്ധ സംഭവങ്ങളും എന്റെ രക്ഷിതാക്കൾ അറിഞ്ഞെങ്കിൽ അവർ വേദനിക്കുമായിരുന്നു. എന്റെ മാതാപിതാക്കൾ 80 കഴിഞ്ഞവരായിരുന്നു, അവിവേചനശക്തിയുള്ളവരായിരുന്നു. “ നിന്റെ അമ്മ അത് അറിഞ്ഞിരുന്നു എങ്കിൽ അവർ വീണു മരിക്കുമായിരുന്നു, ഒരു പരിചിയമുള്ള ആൾ പറയുന്നതുപോലെ എനിക്ക് തോന്നി. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. തുടർന്ന്, ശാന്തമായി, മനസിലേക്ക് വന്നു. “ ഞാൻ നിന്റെ വചനം അനുസരിക്കും എന്റെ കർത്താവേ, അവയെക്കുറിച്ചു ഒന്നും ആകുലപ്പെടേണ്ട ”. ദൈവം എന്നെ ആത്ഭുതകരമായി നടത്തി.

ഒരു ദിവസം നോർവേയിലുള്ള ബർജിനിൽ ഉള്ള എന്റെ വീട്ടിൽ ഒരു ന്യൂസ് പേപ്പർ വന്നു, മിസ്സ്.മോൺ

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

മേരി മോൺസനും ദൈവത്തിന്റെ വിശ്വസ്തതയും

സൻ ചൈനയിൽ കൊള്ളക്കാരാൽ പിടിക്കപ്പെട്ടു. എന്റെ ഇളയ സഹോദരി അത് ആദ്യം കണ്ട പ്രയാസത്തോടെ, പപ്പയും അമ്മയും അത് വായിക്കുന്നതിന് മുമ്പേ അവരോട് പറഞ്ഞു. യുവമിഷ്യനറി വനിതയെക്കുറിച്ച് പറഞ്ഞപ്പോൾ, എന്റെ അമ്മ പറഞ്ഞു, " അത് കഠിനമാണ് ആ യുവമിഷ്യനറിയെ സംബന്ധിച്ചിടത്തോളം നമ്മുടെ മേരിക്ക് ഇങ്ങനെയൊരു ഭാഗ്യം കിട്ടി; അവരും ദീർഘകാലം ചൈനയിൽ ആയിരുന്നു, ചൈനയിലെ ആളുകളെ അവർക്കറിയാം".

മകൾ പിടിക്കപ്പെട്ടിരിക്കുന്നു എന്ന് അമ്മ കേട്ടപ്പോൾ, അവർ പറഞ്ഞു, "യുവ മിഷ്യനറിയെ സംബന്ധിച്ചിടത്തോളം ഇത് നല്ല കാര്യമാണ്". അവർ വീണ് മരിച്ചില്ല; അവർ അതിനു ശേഷം 12 വർഷം കൂടെ ജീവിച്ചിരുന്നു.

ഞാൻ വിടുതൽ പ്രാപിക്കുന്നതിന്റെ ഒരാഴ്ച മുമ്പ് ഒരു കമ്പി സന്ദേശം എന്നെക്കുറിച്ച് നോർവേയും ചുറ്റുമുള്ള രാജ്യങ്ങൾക്കും ലഭിച്ചിരുന്നു. ഇത് വന്നത് താഴെ പറയും വിധമാണ്. നോർവീജിയൻ അമേരിക്കൻ, ബ്രിട്ടീഷ് പ്രതിനിധികൾ വഴി ഷാൻ ടംഗിലുള്ള ഗവർണ്ണർക്ക് നയതന്ത്ര ഇടപാടുകളിലൂടെ ഓർമ്മിപ്പിച്ചു. ഗവർണ്ണർ വിടുതൽ നൽകുവാൻ കല്പനയിട്ടു.

എന്റെ വീട്ടിലും നോർവേയിലും ചുറ്റുമുള്ള രാജ്യങ്ങളിലും എന്റെ വിടുതലിനായുള്ള പ്രാർത്ഥന നടക്കുകയായിരുന്നു. ഈ പ്രാർത്ഥനാ യോഗങ്ങൾ എന്റെ വിടുതലിന് കാരണമായി. ഞാൻ പ്രതീക്ഷിക്കാത്ത വിടുതലും അതിയായ സന്തോഷവും എനിക്കുണ്ടായി. എന്റെ ഹൃദയം ദൈവത്തിന് പാട്ടുപാടി. എല്ലാ ദിവസവും ഞാൻ ദൈവത്തെ സ്തുതിച്ചു. കാരണം എന്റെ യാത്ര അതി കഠിനമായിരുന്നു. കൊള്ളക്കാർ എന്നെയും കൊണ്ട് കടന്നുകളയുവാൻ പദ്ധതിയിട്ടിരുന്നു.

ഈ കാലയളവിൽ, മേരി മോൺസൻ ഇങ്ങനെ എഴുതി, " ദൈവമേ ഈ അനുഭവത്തിനു നന്ദി. ഇത് എന്റെ നന്മക്കും അനേകരുടെ നന്മക്കും കാരണമാക്കേണമേ. യേശു സകലത്തേയും കീഴ്പ്പെടുത്തുന്നവൻ, അവിടുന്ന് എന്നോട്കൂടെയുണ്ട്. വിശ്വാസത്താൽ ഞങ്ങൾ ഇതിനെ തരണം ചെയ്യും".

ക്രിസ്തുവിന്റെ പുനരുത്ഥാനവും നമ്മുടെ ജീവിതത്തിന്റെ പുതുക്കവും

By Charles H. Spurgeon

" അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയിൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് തന്നെ" (റോമ. 6:4).

ക്രിസ്തുവിൽ വിശ്വാസികൾ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും കൃപയുടെയും ശക്തിയുടെയും സ്നേഹത്തിന്റെ ഉറവിടങ്ങൾ അവകാശമാക്കുന്നു. എല്ലാം നിങ്ങളുടേതാണ്. നിങ്ങൾ ക്രിസ്തുവിലായിരിക്കുന്നു എങ്കിൽ ക്രിസ്തുവിൽ നാം ഏകീഭവിക്കുന്നതു വഴി നമ്മുടെ ജീവിതത്തിൽ വിശുദ്ധീകരണമുണ്ടാകുന്നു. അവിടുന്ന് ഒരിക്കലായി പാപസംബന്ധമായി മരിച്ചു, നാമും അങ്ങനെ തന്നെ പാപത്തിന് മരിച്ചിരിക്കുന്നു. അവിടുന്ന് പിതാവിന്റെ മഹത്വത്തിനായി ഉയിർത്തെഴുന്നേറ്റിരിക്കുന്നു, നാമും തന്നോടുകൂടെ ഉയിർത്തെഴുന്നേറ്റ് സന്തോഷത്തോടും അംഗീകരിക്കപ്പെട്ടവരുമായി നീതിയിൽ ജീവിക്കുന്നു.

ദൈവമഹത്വത്തിന്റെ ഒരു വെളിപ്പാട്

നാം ക്രിസ്തുവിൽ ജീവിക്കുക എന്നത് അനുഗ്രഹിക്കപ്പെട്ട ഒരു കാര്യമാണ്. തന്റെ അത്ഭുതം ആവർത്തിച്ചുകൊണ്ട് തന്റെ പുത്രനെ നമുക്കു നൽകിയിരിക്കുന്നു. വീണ്ടും ജനനത്താൽ നിത്യജീവൻ മുകളിൽ നിന്നും ലഭിച്ചിരിക്കുന്നു. " ആ സാക്ഷ്യം ദൈവം നമുക്ക് നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതു തന്നെ. പുത്രൻ ഉള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല" (1യോഹ. 5:12). മനുഷ്യ ജീവിതത്തിന് അവകാശമാക്കുവാൻ കഴിയാത്ത ഉന്നത ജീവൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ നൽകിയിരിക്കുന്നു. " കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1പത്രൊ. 1:23). അത് ദൈവമഹത്വത്തിന്റെ ഒരു വെളിപ്പാട് ആയിരിക്കുന്നു. ദൈവത്തിന്റെ എല്ലാ ഗുണങ്ങളും ക്രിസ്തുവിൽ നാം കാണുന്നു. അതിൽ വിശ്വാസികൾക്ക് ആത്മീയ ഉത്തേജനം നൽകുന്നത് ദൈവീക സാന്നിദ്ധ്യത്തിന്റെ വെളിപ്പാട് നാം കാണുന്നു.

വീണ്ടും ജനനം എന്നുള്ളത് ദൈവത്തിനു മാത്രം ചെയ്യുവാൻ കഴിയുന്ന ഒരു അത്ഭുതം എന്ന് അറിയുന്നില്ലയോ? ജീവനുള്ള പ്രത്യാശയ്ക്കായി വീണ്ടും ജനിച്ചിരിക്കുന്ന അനുഭവം ഒരത്ഭുതം ആണ്. നാം മുമ്പ് ആത്മീകമയി മരിച്ചവരായിരുന്നു, നാം സ്വർഗ്ഗീയ ജീവൻ അവകാശികളായിത്തീർന്നു; അർ ഇത് പൂർണ്ണമായി ഗ്രഹക്കും? ഇത് നിശ്ചയമായും ഒരു അത്ഭുതമാണ്; നാം തന്നെ ഇതിൽ വിഷയീഭവിച്ചിരിക്കുന്നു.

നിങ്ങളിൽ തന്നിരിക്കുന്ന ജീവൻ നിത്യതയിൽ നിങ്ങളെ എത്തിക്കുന്ന ജീവനാണ്. നാം കർത്താവിന്റെ മുഖം കാണും. കാരണം അവിടുത്തെ ജീവൻ നമ്മിൽ ഇരിക്കുന്നു. എത്ര വിശേഷപ്പെട്ട ഒരു കാര്യമാണിത്! ദൈവമഹത്വത്തിന്റെ അളവറ്റ വലിപ്പം അത് വർണ്ണനക്കതീതമാണ്, ആത്മാക്കളെ ദൈവത്തിലേക്ക് ആകർഷിക്കുന്ന ദൈവശക്തി, നാം പ്രാപിച്ചിരിക്കുന്ന ദൈവശക്തി. അത്ഭുത കൃപ! അവിടുന്ന് സിംഹാസനത്തിൽ ഇരുന്ന് പറയുന്നു, " ഇതാ ഞാൻ സകലവും പുതുതാക്കുന്നു" (വെളി. 21:5). എത്ര നല്ല പ്രത്യാശയിത്.

ഉയിർത്തെഴുന്നേറ്റു നാം മരണത്തിൽ നിന്നും, പുതുക്കത്തിലേക്ക്;

കൃപയാൽ നാം നീതീകരിക്കപ്പെട്ടിരിക്കുന്നു,

ഞങ്ങൾ മഹത്വത്തിൽ പ്രത്യക്ഷപ്പെടും,

ഞങ്ങളുടെ പിതാവിന്റെ പൊന്മുഖം കാണും.

പുതുജീവിതവും പ്രത്യാശയും

പുതുജീവിതം നമുക്ക് തന്നു, സകലവും പുതുതാക്കിത്തീർക്കുന്നു. നാം വീണ്ടും ജനനാനുഭവം പ്രാപിക്കുമ്പോൾ ഒരിക്കലും പ്രാപിച്ചിട്ടില്ലാത്ത പുതിയ അനുഭവം പ്രാപിക്കുന്നു. മുമ്പെങ്ങും നാം പ്രാപിച്ചിട്ടില്ലാത്തതും അനുഭവിച്ചിട്ടില്ലാത്തതുമായത് നമ്മിൽ പ്രവർത്തിച്ചു തുടങ്ങും. നിങ്ങളുടെ ഉണർവ്വിൽ നിങ്ങൾ ഒരിക്കലും പ്രാപിച്ചിട്ടില്ലാത്ത പ്രകാശം,

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ പുനരുത്ഥാനവും .....പുതുക്കവും

അത് മനുഷ്യനിൽ നിന്നല്ല, മനുഷ്യനാലുമല്ല. ഇത് മറഞ്ഞിരിക്കുന്ന ഒന്നിന്റെ രൂപഭേദമല്ല, നിലനിൽക്കുന്ന ഒരു തത്വത്തിന്റെ വെളിപ്പാടുമല്ല, മൂടിവച്ചിരിക്കുന്ന ഒന്നാണ്, മറഞ്ഞിരിക്കുന്ന ഒന്നാണ്. “അതിക്രമങ്ങളാലും പപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു ”. (എഫെ. 2:1) നിങ്ങളിൽ ജീവൻ ഇല്ലായിരുന്നു; ജീവൻ പ്രാപിക്കാത്തതായി ഒന്നും ഇല്ലായിരുന്നു. നിത്യ ജീവൻ ദൈവത്തിന്റെ ദാനമാണ്.

നിങ്ങൾ ഇപ്പോൾ ദൈവത്തെ മഹത്വപ്പെടുത്താനായി ജീവിക്കുന്നു; മുമ്പേ നിങ്ങളിൽ തന്നെ സന്തോഷിക്കുന്നവർ ആയിരുന്നു, അഥവാ നിങ്ങലുടെ അയൽക്കാരെ സ്നേഹിക്കുന്നവരായിരുന്നു. ഒരിക്കൽ നിങ്ങൾക്കു വേണ്ടി ജീവിച്ചു, നിങ്ങളുടെ സന്തോഷത്തിനായി ജീവിച്ചു. എന്നാൽ ഇപ്പോൾ നാം നിത്യതയുടെ അരികിൽ എത്തിയിരിക്കുന്നു. നിത്യതയിൽ നിങ്ങളുടെ ഉറവിടം ആയിരിക്കുന്നു; നിത്യത നിങ്ങളുടെ ചലനങ്ങൾ അറിയുന്നു, നിത്യത നിങ്ങളുടെ ആവശ്യങ്ങളെ അറിയുന്നു. അദൃശ്യനായ ദൈവത്തിനായി നിങ്ങൾ ജീവിക്കുന്നു. നിങ്ങളുടെ ഇടപാടുകൾ നിയന്ത്രണ വിധേയമാണ്. വീഴ്ചയുള്ള മനുഷ്യനല്ല. ഹൃദയങ്ങളെ അറിയുന്ന ദൈവത്താൽ നടത്തപ്പെടുന്നു.

നിങ്ങളുടെ പുതിയ ജീവിതം പുതിയ തലങ്ങളിലാണ്. നിങ്ങൾ ഉന്നതമായി ചിന്തിക്കുന്നു, അതെ, എല്ലാവരെക്കാളും ഉന്നതിക്കായി ചിന്തിക്കുന്നു, നിങ്ങൾ ദൈവത്തിന്റെ മഹത്വത്തിനായി ചിന്തിക്കുന്നു, നിങ്ങളുടെ വെളിച്ചം കൂടുതൽ ശോഭിക്കേണ്ടതിനായി ചിന്തിക്കുന്നു, “ അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെക്കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ ” (മത്താ. 5:16). ദൈവത്തിന്റെ ഇഷ്ടം നിങ്ങളുടെ നിയമമായിത്തീരുന്നു. നിങ്ങൾക്ക് ദൈവത്തിന്റെ ഉദ്ദേശം നിവർത്തിക്കാതെ നിങ്ങളെ സന്തോഷിപ്പിപ്പാൻ കഴികയില്ല. തന്റെ നാമത്തിന് മഹത്വം കൊടുക്കേണം, തന്റെ നാമത്തിന്റെ വ്യാപ്തിക്കു വേണ്ടി ജീവിക്കേണം.

നാം ഇപ്പോൾ നമ്മുടെ പ്രത്യാശയിൽ സന്തോഷിക്കുന്നു; നമുക്കുള്ള പ്രത്യാശ ജീവനുള്ള പ്രത്യാശയാണ്; മഹത്വകരായ പ്രത്യാശ, അത് നമ്മെ വിശുദ്ധീകരണത്തിനും, അതിന്റെ പൂർത്തീകരണം കാണുവാനായി നമ്മെ ഒരുക്കുന്നു. നാം നമ്മുടെ കർത്താവിന്റെ മഹത്വ പ്രത്യക്ഷതക്കായി കാത്തിരിക്കുന്നു. നാം പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി നോക്കി കാത്തിരിക്കുന്നു. നമുക്കു അവകാശങ്ങളുണ്ട്. ക്രിസ്ത്യാനിത്വത്തെ കുറിച്ച് സംസാരിക്കുമ്പോൾ നാം അതിശയിക്കുന്നു. “ എല്ലാം കൈവശമാക്കുന്നവർ ” (2 കൊരി. 6:10). നാം ഇപ്പോൾ അറിയുന്നു. ദൈവം നമ്മെ വിശ്വാസത്തിൽ സമ്പന്നർ ആക്കിയിരിക്കുന്നു (യാക്കോ. 2:5). മിസ്രയീമിലെ ധനത്തെക്കാൾ ഉന്നതമായ ധനം നൽകിയിരിക്കുന്നു.

ഇതാ മരുഭൂമി സന്തോഷിക്കുന്നു, റോസാ പുഷ്പം പോലെ പൂക്കുന്നു. ഇപ്പോൾ നമുക്ക് നദിപോലെ സമാധാനം ഉണ്ട്, ആർക്കും ഏടുത്തു കളയാൻ കഴിയാത്ത സന്തോഷം ഉണ്ട് ഒരിക്കലും വറ്റിപ്പോകാത്ത കിണറ്റിൽ നിന്നും നാം കുടിക്കുന്നു, ലോകത്തിന് അറിയാൻ കഴിയാത്ത അപ്പം നാം ഭക്ഷിക്കുന്നു. യഥാർത്ഥത്തിൽ നമുക്കു കൂട്ടായ്മയുള്ളത് പിതാവിനോടാണ്, ഇത്, നമ്മോട് തന്നെ കൂട്ടായ്മ ഉണ്ട്. അതു കൊണ്ട് നമ്മിൽ കവിയുന്ന സന്തോഷം നമുക്കുണ്ട്. നാം എല്ലാവരും ഒരു പുതിയ ലോകത്തിലേക്ക് വരുന്നു; അത് അങ്ങ് അകലെ നിന്നും നമുക്കായി വരുന്നു. വേദഭാഗം ഇങ്ങനെ പറയുന്നു, “നിങ്ങൾ സന്തോഷത്തോടെ പുറപ്പെടും, സമാധാനത്തോടെ നിങ്ങളെ പറഞ്ഞയക്കും; മലകളും കുന്നുകളും നിങ്ങളുടെ മുമ്പിൽ പൊട്ടി ആർക്കും; ദേശത്തലെ സകല വൃക്ഷങ്ങളും കൈകൊട്ടും” (യെശ. 55:12). ഈ പുതിയ **ജീവിതം അത്ഭുതകരമാണ്.ഒരു വിശുദ്ധ ജീവിതം**

നിങ്ങൾ മരിച്ചവരായിരുന്നു, എഎന്നാൽ നാം മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു, ഇപ്പോൾ നിങ്ങൾ, “ ജീവന്റെ പുതുക്കത്തിൽ നടക്കുന്നു ”. ദൈവം നൽകുന്ന ആ പുതു ജീവിതം വളരെ സജീവമാണ്.

ദൈവമക്കൾ പതിയെ ഓടുന്നവർ അല്ല. ഊർജ്ജസ്വലതയോടും ശുഷ്ക്കാന്തിയോടും തന്നെ. പുതുജീവൻ ഉള്ളിൽ ഉള്ള വിശ്വാസി വേഗതയുള്ളവനും, ഊർജ്ജസ്വലനും ശക്തിയുള്ളവനും ആയിരിക്കും. പുതുജീവൻ ഒരു വിശുദ്ധജീവിതം നയിപ്പാൻ കാരണമാക്കുന്നു. നിങ്ങൾ ദൈവത്തിനായി ജനിച്ചിരിക്കുന്നു എങ്കിൽ, നിങ്ങൾ അലസരായിരിക്കാതെ, നിങ്ങൾക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുന്നു.

ആത്മിക ആരോഗ്യത്തിൽ ആയിരിക്കുമ്പോൾ നിങ്ങൾ ഉത്സാഹത്തോടെ പ്രകാശിക്കുകയും ഊർജ്ജസ്വലയോടെ കത്തി ജ്വലിക്കയും ചെയ്യും, കർത്താവിനുവേണ്ടി സന്തോഷത്തോടെ വേല ചെയ്യും. ഈ പ്രവൃത്തി ജീവിതത്തെ വിജയത്തിലേക്ക് നയിക്കുന്നു. നാം യഥാർത്ഥ ഉണർവ്വുള്ളവരായിരിക്കുന്നു എങ്കിൽ, നാം ജീവന്റെ പുതുക്കത്തിൽ നടക്കും, എന്നിട്ട് പറയും, നാം മുന്നോട്ടു പോകുന്നു. നാം മാർച്ചു ചെയ്യുന്നു, ബലത്തിൽ നിന്നും ബലത്തിലേക്ക് അവസാനത്തിൽ അല്ലാ, മുന്നോട്ടു തന്നെ പോകും. പുതുജീവൻ നമ്മിൽ ഉണ്ടെങ്കിൽ മുമ്പോട്ട് പോകുക മാത്രമല്ല, ഉയരങ്ങൾ താണ്ടി പിന്നെയും മുമ്പോട്ടു തന്നെ പോകും. പഴയ ജീവിതത്തിന്റെ അനുഭവമല്ല, പുതുക്കത്തിന്റെ അനുഭവം.

സഹോദരന്മാരേ, നാം ഇതുവരെയും ജഡപ്രകാരം പഴയ മനുഷ്യനുള്ള കാര്യങ്ങൾ ചെയ്തു. ഇനി പഴയ മനുഷ്യനെ നമുക്ക് ഉരിഞ്ഞു കളയാം. ക്രിസ്തു നമ്മെ ഉണർത്തുമ്പോൾ, നാം ജീവന്റെ പുതുക്കത്തിൽ നടക്കും. പഴയ മനുഷ്യനോട് പറയും, പുറത്തു പോക, കഴിഞ്ഞ നാളുകളിൽ ഞാൻ നിന്റെ വഴിയിൽ നടന്നു. പുതുജീവൻ എന്റെ ഉള്ളിലേക്ക് വന്നു, ഇനി ക്രിസ്തുവിന്റെ ആലോചന പ്രകാരം നടക്കും. നിങ്ങളോട് തന്നെ പറയുക, “എന്റെ ഉള്ളിൽ

വന്ന പുതുജീവനേ, എന്റെ ജീവിതത്തിന്റെ നായകനായിരിക്ക. അവിടുത്തെ ആലോചനയാൽ എന്നെ നടത്തുക. ആത്മീയമരണത്തിന്റെ പഴമയിലല്ല, ആത്മാവിന്റെ പുതുക്കത്തിൽ എന്നെ നടത്തേണമേ.

കർത്താവ്, കർത്താവ് നമുക്കുവേണ്ടി ചെയ്തത്, എല്ലാം ഞങ്ങളിൽ, എല്ലാം മാറി. ഒന്നും ബാധിക്കുന്നില്ല. കർത്താവ് നമ്മെ തന്നിൽ തന്നെ സമ്പന്നരാക്കി, യേശുവിന്റെ ദാനത്താൽ, തന്റെ ആത്മാവിന്റെ പ്രവൃത്തിയാൽ, നമ്മെ ദു:ഖിപ്പി

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ പുനരുത്ഥാനവും .....പുതുക്കവും

ക്കാതെ, സന്തോഷം അലിയിച്ച് നമ്മുടെ ജീവിതത്തിൽ ഏറെ അനുഗ്രഹമായിത്തീരുന്നു. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു....." (മത്താ. 6:32). നമുക്ക് ഉന്നതമായ സംരക്ഷണവും ദിവ്യമായ സൂക്ഷിപ്പും അവിടുന്ന് ഒരുക്കിയിരിക്കുന്നു. നമുക്കു ഭൂമിയിൽ ഒരു സ്വർഗ്ഗീയ അനുഭവത്തിനായി അന്വേഷിക്കും. നീതിക്കുവേണ്ടി നാം വിളിക്കപ്പെട്ടിരിക്കുന്നു; മാമോന്റെ പിന്നാലെ നമുക്കു പോകേണ്ട.

നാം പുതിയ സൃഷ്ടികൾ ആകുന്നു; കർത്താവു അനുദിനം നമുക്ക് പുതുക്കം നൽകട്ടെ! പഴയതിനെ നമുക്കു വിടാം, ചില കാലം നാം അതിൽ ചെലവഴിച്ചു. ഇപ്പോൾ നമ്മുടെ ആത്മാവ് ഒരു പുതിയ തലം കണ്ടെത്തി. ക്രിസ്തീയ ജീവിതം ആത്മാവിൽ സന്തോഷത്തിന്റെ അനുഭവമാണ്. ഒരു ക്രിസ്ത്യാനിയുടെ ജീവിതം പുതുക്കത്തിന്റെ അനുഭവമാണ്, ജീവിതം ഓരോ ദിവസവും പുതുക്കിക്കൊണ്ടിരിക്കും. നമ്മുടെ അകത്തെ മനുഷ്യൻ അനുദിനം പുതുക്കിക്കൊണ്ടേയിരിക്കും.

ഒരു നല്ല വിശ്വാസി ഭൂമിയിൽ ഒരു ജീവനുള്ള വ്യക്തിയായിരിക്കും. ജോലി ചെയ്യുമ്പോൾ പാട്ടു പാടിക്കൊണ്ടിരിക്കും. അവൻ പാടട്ടെ. കരയുന്നതുവരെ ചിരിക്കട്ടെ. ചിലപ്പോൾ അവന് സ,ഹായിക്കാൻ കഴിയുകയില്ല. തന്റെ പിതാവിനെക്കുറിച്ചു പറയുമ്പോൾ, തന്റെ കണ്ണുകൾ പ്രകാശിക്കും. ചിലർ എതിർക്കുമ്പോൾ ഒരു ദൈവത്തെ അറിയുവാൻ ഉത്സാഹിപ്പിക്കും.

നിശ്ചയമായും, ലോകം ചിന്തിക്കുന്നത് ഇത് ഒരു പാവപ്പെട്ട മതമാണ്. എന്റെ മനസ്സിൽ, തണുത്ത ആഹാരങ്ങൾ മേശയിൽ വിളമ്പുന്നതുപോലെയാണ്. യഥാർത്ഥ ദൈവഭക്തി എന്നത് ചൂട് ആഹാരം പോലെയാണ്. പുതുജീവിതം എന്നാൽ കത്തിജ്വലിക്കുന്ന അനുഭവം, വിശ്വസ്തമായ, എരിവള്ള സന്തോഷകരമായ ഒരു ജീവിതം എന്നാണ്.

ഇനിയും പഴയജീവിതം നയിക്കരുത്. നിങ്ങൾ എന്ത് പറയുന്നു? വരിക, എന്റെ ആത്മാവേ, ക്രിസ്തു മരണത്തിൽ നിന്നും ഉയിർപ്പിച്ചിരിക്കുന്നു. നിങ്ങൾ വിട്ടുകളഞ്ഞ ഫാഷനായ ഇരുട്ടിന്റെ പ്രവൃത്തികളുടെ പിന്നാലെ ഇനി പോകരുത്.

അതെ, ജീവന്റെ നദിയിൽ എടുത്തു ചാടുക! അതെത്ര ആനന്ദമാണ്! അത് നമുക്ക് ഒരു പുതിയ ജീവിതം തരും! ഒരു ദൈവപൈതലായി ജീവിക്കുക. നിങ്ങളുടെ മുഴു ജീവിതവും കൊണ്ട് ദൈവത്തെ സേവിക്കുക. സ്വന്ത രക്തം കൊടുത്ത് വിലയ്ക്കു വാങ്ങിയ അവിടുത്തേയ്ക്ക് നിങ്ങളുടെ ജീവിതം കൊടുക്കുക. കൃപയുടെ പാവനമായ ഒഴുക്കിലേക്ക് എടുത്തു ചാടുക, അത് നിങ്ങളെ അത്ഭുതപ്പെടുത്തും. "അതെ, ഇതാണ് ജീവിതം! അതെ, ഈ സന്തോഷം, എന്റെ ദൈവം,

നിങ്ങളെ കണ്ടെത്തും! അങ്ങയുടെ മുഖം കാണ്മാൻ, അവിടുത്തെ ശബ്ദം കേൾപ്പാൻ, അവിടുത്തെ സ്നേഹം ആസ്വദിപ്പാൻ". ഞങ്ങൾ അവിടുത്തെ ജീവന്റെ പുതുക്കത്തിൽ നടക്കും! ആമേൻ.

❖

തന്റെ ജനത്തോടുകൂടെ ക്രിസ്തു

By Lois J Stucky

അവിടുത്തേയ്ക്ക് നന്ദി, ഉറവുകൾ രക്തം നിറഞ്ഞിരിക്കുന്നു. ആത്മാക്കളെ ശുദ്ധീകരിക്കുന്നു. ദൈവത്തിന്റെ പ്രീയ കുഞ്ഞാടിന്റെ രക്തം. ജീവൻ നൽകുന്ന ഈ ഉറവയിൽ നിന്നും പാപക്കറകൾ കഴുകിപ്പോകുന്നു. ദൈവത്തിന്റെ കരുതൽ നമുക്ക് ആവശ്യമായിരുന്നുവോ, ദൈവവും അവിടുത്തെ പുത്രനും ഏറെ വിലപ്പെട്ടവരാണ്, അവിടുന്ന് സൗജന്യമായി നമുക്കുവേണ്ടി ഏല്പിച്ചു തന്നു. ദൈവം ഒരിക്കലും പാപം ചെയ്യുവാൻ നമ്മെ അനുവദിക്കുകയില്ല. കൂടുതലായി, വിശ്വാസത്താൽ നമ്മുടെ സ്ഥാനത്ത് ക്രൂശിൽ മരിക്കുവാൻ അവിടുന്ന് കാരണമാക്കി. അവിടെ പഴയ മനുഷ്യൻ യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു. നമ്മുടെ സ്ഥാനത്ത് മഹത്വം എന്ന് പറയട്ടെ, നാം ഉയിർത്തെഴുന്നേറ്റ് അവിടുത്തോടുകൂടെ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. അനുദിന ജീവിതത്തിൽ ഇതിന്റെ അർത്ഥം എന്താണ്, മണിക്കൂറുകൾ തോറും ഇതിന്റെ അർത്ഥം എന്താണ്? ഇതിന്റെ അർത്ഥം ഓരോ നിമിഷവും നമ്മെ ക്രൂശീകരണത്തിന് ഏല്പിക്ക, നമ്മുടെ സ്വന്തം ഇഷ്ടത്തെ അവിടുത്തെ ഇഷ്ടത്തിനായി സമർപ്പിക്ക, നമ്മുടെ സ്വന്ത തെരഞ്ഞെടുപ്പും ആഗ്രഹങ്ങളും അവിടുത്തെ ഹിതത്തിനായി സമർപ്പിക്ക. അതിന്റെ ഫലം, നമ്മുടെ സ്വയ കേന്ദ്രീകൃത ജീവിതത്തിനായി സമർപ്പിക്കുക. ഇതിന്റെ അർത്ഥം സന്തോഷം, സമാധാനം സ്നേഹം - ചുരുക്കത്തിൽ വിജയം!

ക്രിസ്തുവിൽ ജീവിക്കുക, ക്രിസ്തു എന്നിൽ ജീവിക്കുക! അനുഗ്രഹിക്കപ്പെട്ട യാഥാർത്ഥ്യം എന്നത്, ക്രിസ്തീയ ജീവിതം എന്നത് എന്തിന്റെയും പുകഴ്ചയല്ല, അനുകരണവുമല്ല. ഇത് ഒരു പ്രകൃത്യാതീതമായ ജീവിതമാണ്, സമൃദ്ധവും പൂർണ്ണ അളവിലും പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്ന ഒരു ജീവിതമാണ്. സ്വർഗ്ഗീയ അനുഭവം നമുക്കു തരുവാൻ കഴിയുന്ന ഏക വ്യക്തി യേശുവും ഇത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്ന അനുഭവവും ആകുന്നു. ഇത് പരിശുദ്ധാത്മാവിൽ ജീവിതമാകുന്നു. ഇത് ക്രിസ്തീയ ജീവിതത്തിന്റെ മഹത്വത്തെ യാഥാർത്ഥ്യമാക്കുന്നു. ഇത് പരിശുദ്ധാത്മാവിനാൽ നമ്മുടെ ജഡ ശരീരത്തെ യഥാർത്ഥ്യമാക്കുന്നു. ഇത് പരിശുദ്ധാത്മാവിനാൽ നമ്മുടെ ജഡ ശരീരങ്ങളെ മരിപ്പിക്കുകയും ക്രിസ്തുവിനെ ജീവിതത്തിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു.

ഞാൻ ഒരു നിമിഷം ഓർമ്മിക്കുന്നു, "എന്നെത്തന്നെ മറക്കുവാൻ എന്നെ സഹായിക്കേണമേ". എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അവിടുന്ന് എന്റെ ജീവിതത്തിൽ വസിക്കുന്നു. എന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ കൂടുതൽ നിറവു എനിക്കാവശ്യം എന്ന് എന്നെ ബോദ്ധ്യപ്പെടുത്തുകയും, യേശു എന്റെ ജീവിതത്തിൾ എല്ലാറ്റിനും എല്ലാം ആണ് എന്ന് എന്നെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. കർത്താവായ യേശു ക്രിസ്തുവിൽ കൂടിയുള്ള ദൈവത്തിന്റെ കരുതലും പരിശുദ്ധാത്മാവിന്റെ ശക്തിയും ക്രിസ്തീയ ജീവിതത്തിന്റെ നിറവും പൂർണ്ണതയും ആകുന്നു! ആ നിറവിനായി ഞങ്ങളെ പൂർണ്ണമായി ഏല്പിക്കുന്നു. ❖

ആഗമനദൂതൻ

ആഗമനദൂതന്റെ ഇപ്പോഴുള്ളതും കഴിഞ്ഞതുമായ ആർട്ടിക്കിൾ വായിക്കുക. പ്രതികരണങ്ങൾ അയക്കാൻ അപേക്ഷിക്കുന്നു. അഡ്രസ്സു മാറ്റം അറിയിക്കുക. മറ്റൊരാളിന്റെ അഡ്രസ് കൂടെ എഴുതി അറിയിക്ക.

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളത് തന്നെ ചിന്തിപ്പിൻ. നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും" (കൊലൊ. 3:1-4).

അവിടെ ഇപ്പോൾ ഒരു യുദ്ധം നടക്കുകയാണ്. യുദ്ധത്തിൽ കിട്ടാവുന്നതെല്ലാം ഉപയോഗിക്കുകയാണ്. എതിരാളിയെ രാജ്യത്തിൽ നിന്നും ഉന്മൂലനം ചെയ്യുവാൻ. രാജ്യം എന്നുള്ളത് നമ്മുടെ പ്രവൃത്തികൾ തന്നെയാണ്. പോരാട്ടം അദൃശ്യമാണ്. പുറമേ കാര്യങ്ങൾ ശാന്തമാണ്, എന്നാൽ അകവശത്തും കടുത്ത പോരാട്ടം നടക്കുകയാണ്.

ഒരു വശത്തു സാത്താൻ, ഈ ലോകത്തിന്റെ രാജാവ്. തന്റെ പോരിന്റെ ആയുധങ്ങൾ, ഈ ലോകത്തിലെ ആയുധങ്ങൾ, ഈ താൽക്കാലിക ലോകത്തിന്റേതാണ്. അവൻ ഈ ലോകത്തിന്റെ ചിന്തകാളാകുന്ന ആയുധങ്ങളെ അയക്കുന്നു, വിജയത്തെക്കുറിച്ചുള്ള സ്വപ്നം,

മുകളിലത്തെ കാര്യങ്ങൾക്കുവേണ്ടി നിങ്ങളുടെ പ്രവൃത്തികൾ ക്രമീകരിക്കുക

By Don MacIntyre

നല്ല ഒരു പെൻഷൻ ജീവിതം, നല്ല ബഹുമാനമുള്ള ഒരു ജീവിതത്തിന്റെ സ്വപ്നം, സമ്പത്ത്, ഏറ്റവും നല്ല ആയുധം ശക്തി സാമ്പത്തിക ശക്തി, രാഷ്ട്രീയ ശക്തി, ജോലിയുടെ ശക്തി, സമൂഹത്തിന്റെ ശക്തി, കുടുംബത്തിന്റെ ശക്തി, അഥവാ ആളുകളുടെ ശക്തി.

ചെറുക്കാൻ കഴിയാത്ത ബലവത്തായ ആയുധങ്ങൾ അവന് സ്വന്തമായി ഇല്ല. സ്വന്ത കഴിവിൽ ഊന്നി, അതിൽ അമിത വിശ്വാസം, അകത്തു കടത്തി, രാജ്യത്തിൽ കൂടെ നില്ക്കാൻ കഴിവുള്ള വ്യക്തികളെ കൂട്ടി ഒരു പോരാട്ടം ഉണ്ടാക്കി എടുക്കാൻ ശ്രമിക്കുന്നു.

മറുവശത്ത് അവിടുന്ന് ആണ്. യഹൂദാ ഗോത്രത്തിലെ സിംഹം. ലോക സ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്. തന്റെ ആയുധപ്പുരയിൽ ഒരു ആയുധം. ഒന്നേയുള്ളൂ എങ്കിലും, ഈ ലോകം കണ്ടിട്ടുള്ളതിലേക്കും ഏറ്റം ശക്തിയേറിയ ആയുധം. ഇത് അനേകരെ കീഴ്പ്പെടുത്തിയിട്ടുണ്ട്. ഇത് നഷ്ടപ്പെട്ട ആത്മാക്കൾ. ഇത് സാത്താന്റെ കയ്യിൽ നിന്നും അനേക ആയിരങ്ങളെ കീഴ്പ്പെടുത്തിയ ആയുധം. ഇതിന്റെ അദൃശ്യശക്തിയാൽ വീണ്ടും വീണ്ടും ശത്രുക്കളെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ആ ഏക ആയുധം ആ പഴയ മൂർച്ചയേറിയ ക്രൂശ് ആണ്. ഈ ക്രൂശിന്മേൽ സർവ്വ മഹത്വത്തിന്റെയും ദൈവമായ കർത്താവ് ക്രൂശിക്കപ്പെട്ടു. എന്നാൽ കല്ലറയ്ക്ക് അവിടുത്തെ അടിയറവയ്ക്കുവാൻ കഴിഞ്ഞില്ല. അവിടുന്നു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു, പാപത്തെ, സാത്താനെ, ഈ ലോകത്തിലെ സകല ശക്തികളെയും കീഴടക്കി. ആ ക്രൂശ് പൊക്കമുള്ളതായി, ആഴമുള്ളതായി നീളമുള്ളതായി, വീതിയുള്ളതായി എന്നോടും നിന്നോടും ഉള്ള ശക്തമായ സ്നേഹത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. വർഷങ്ങൾ കടന്നുപോയി. എങ്കിലും ആഴമേറിയ ആ ക്രൂശ് ഇപ്പോഴും അനേകായിരും ഹൃദയങ്ങളെ നിയന്ത്രിക്കയും പ്രവൃത്തികളെ നിയന്ത്രിക്കയും ചെയ്യുന്നു.

വിജയത്തിലേക്കുള്ള താക്കോൽ

അതുകൊണ്ട് അവിടെയൊരു യുദ്ധമുണ്ട്. അവിടെ അവർ യുദ്ധക്കളത്തിലുണ്ട്. ഇവിടെ നാം ഇതിന്റെ നടുവിലാണ്. ബുദ്ധിമാനായ പൗലൊസ് അപ്പൊസ്തലൻ ഈ യുദ്ധക്കളത്തിൽ വിജയിക്കാനൊരു താക്കോൽ വാക്കായ ഒരു ചെറിയ വാക്കുണ്ട്. വിജയം എന്നെയും നിങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ആ ചെറിയ വാക്കു പ്രാധാനപ്പെട്ടതാണ്, അത് ഇതാണ്, ക്രമീകരിക്കുക, ക്രമീകരിക്കുക, താൻ എഴുതുന്നു, നിങ്ങളുടെ പ്രവൃത്തികൾ മുകളിലേക്ക് വേണ്ടി ക്രമീകരിക്കുക.

ഇതിനെ മനസിലേക്ക് കൊണ്ടുവരിക. ഒരു മനുഷ്യൻ വലിയ ഒരു ചുറ്റിക എടുത്ത് ഒരു കുറ്റി ഭൂമിയിൽ അടിച്ചിറക്കി. ഒരിക്കൽ, എല്ലാറ്റിനും വേണ്ടി അത് തിരിച്ചെടുക്കുവാൻ കഴിയാതവണ്ണം ആയിത്തീർന്നു. അത് വസ്തുത ക്രമീകരിക്കുന്നു, യുദ്ധം അവസാനിക്കയും ചെയ്യുന്നു.

ദൈവിക തീരുമാനത്തിനെതിരെ നിൽക്കുവാൻ സാത്താന് സാധ്യമല്ല. ദൈവത്തിന്റെ തീരുമാനത്തെ മാറ്റുവാൻ ഒന്നിനാലും സാദ്ധ്യമല്ല. ഈ യുദ്ധത്തിൽ താക്കോൽ വാക്ക് നിങ്ങളുടെ വാക്ക് ആണ്. അതുകൊണ്ട് തെരഞ്ഞെടുപ്പ് ഉണ്ടാക്കുക. എല്ലാവർക്കും വേണ്ടി ഒരിക്കലായി ക്രമീകരിക്കുക. കുറ്റി അടിക്കുക എങ്കിൽ മാത്രമേ നിങ്ങളുടെ സ്ഥലത്ത് സമാധാനം ഉണ്ടാകൂ. ആമേൻ. ❖

ദിനംതോറും ഉള്ള ക്രൂശ്

ക്രിസ്തീയ ജീവിതത്തിലെ ക്രൂശിനെക്കുറിച്ച് പഠിക്കുമ്പോൾ കർത്താവ് പറഞ്ഞ കല്പനയായ ദിനംതോറും നാം ചുമക്കേണ്ടതായ ക്രൂശിനെ കാണാം. ധാരാളം പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കുവാനായി നമുക്കു കാണാം.

ആദ്യമായി, ക്രൂശു എടുക്കുക എന്ന് പറഞ്ഞാൽ കർത്താവായ യേശുക്രിസ്തുവിനോടുള്ള പൂർണ്ണ സമർപ്പണം ആണ്. ക്രിസ്തുവിനോടുള്ള ഏകാഗ്രതയോടുള്ള ബന്ധത്തിൽ പൂർണ്ണമായി തെളിയിക്കപ്പെട്ടിട്ടില്ല എങ്കിലും (ഒരു ഭാഗികമായി തെളിയിക്കപ്പെട്ടിട്ടുള്ളൂ എങ്കിലും) അനുസരണത്തോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ കല്പനകൾ ഈ ലോകത്തിൽ പാലിക്കപ്പെടുന്നു, കരുതലുകൾ അനുദിന ജീവിതത്തിൽ, ദൈവീക സത്യങ്ങൾ ഹൃദയത്തിൽ വെളിപ്പെട്ടുവരുന്നു.

ഓരോ ക്രൂശും ദൈവം അയക്കുന്ന പരീക്ഷകളായി നമ്മുടെ വിശ്വാസ ജീവിതത്തിൽ കാണപ്പെടുന്നു. ക്രിസ്തുവിന്റെ മുമ്പാകെ നമ്മുടെ സമർപ്പണം യഥാർത്ഥവും വ്യക്തവുമാവുമ്പോൾ ക്രൂശ് നമ്മുടെ മുമ്പിൽ വ്യക്തമായി തെളിയുന്നു.

സമർപ്പണം എന്നത് ആത്മാവിന്റെ ഒരു ദുരന്തവും ജീവിതത്തിന്റെ അനുദിന അനുഭവവുമാണ്. ആദ്യം നാം നമ്മെത്തന്നെ ത്യജിക്കേണം. എന്നിട്ട് ക്രിസ്തുവിന് പൂർണ്ണമായി നമ്മെത്തന്നെ സമർപ്പിക്കേണം. എന്നിട്ട്

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

ദിനംതോറുമുള്ള ക്രൂശ്

ദിനംതോറുമുള്ള ക്രൂശ് നാം വഹിക്കേണം. ക്രിസ്തീയ ശിഷ്യത്വം എന്നത്, കർത്താവിലുള്ള സമ്പൂർണ്ണ സമർപ്പണം ആവശ്യപ്പെടുന്നു, അത് ലോകത്തിനും, ജഡത്തിനും സ്വയത്തിനുമുള്ള സമ്പൂർണ്ണ സമർപ്പണമാണ്.

ഓരോ സമയവും നാം ക്രൂശു വഹിക്കേണം, ദൈവത്തിന്റെ ഇഷ്ടത്തിന് നമ്മെത്തന്നെ സമർപ്പിക്കേണം. കർത്താവായ യേശുക്രിസ്തുവിനെ അറിയിക്കേണം. എന്തു വിലകൊടുത്തും നമ്മുടെ തീരുമാനത്തെ നാം പ്രഖ്യാപിക്കേണം, എല്ലാറ്റിലും അവിടുത്തെ നാമത്തെ നാം മഹത്വപ്പെടുത്തേണം. നാം കർത്താവിന്റെ നാമത്തെ ആവർത്തിച്ചു മഹത്വപ്പെടുത്തേണം, അതിന്റെ ആഴങ്ങൾ തേടേണം, പൂർത്തീകരിക്കേണം.

ക്രിസ്തീയ സമർപ്പണം വളരെ പ്രായോഗികമായ ഒന്നാണ്. ഇത് വലിയ വികാരപരമായ ഒരു പ്രവൃത്തിയായിരിക്കാം, എന്നാൽ യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം, നാം അനുദിന ജീവിതത്തിൽ ക്രൂശ് വഹിക്കുന്നവരായിരിക്കേണം. നമ്മുടെ ഓരോ ദിവസത്തെ പരിശോധനകളും പ്രവൃത്തികളും സമർപ്പണം തെളിയിക്കേണം. അത് നമുക്കു വേണ്ടി ചെയ്യരുത്. അത് വ്യാജമാണ്. കുറഞ്ഞ പക്ഷം ഇത് അപൂർണ്ണമാണ്. ക്രിസ്തുവിന് സമർപ്പിക്കേണം എന്ന് പറഞ്ഞാൽ കഠിനമായ കാര്യങ്ങൾ യേശുവിനുവേണ്ടി ചെയ്യുന്നു അഥവാ യേശുവിനുവേണ്ടി വഹിക്കും. ഏതു സാഹചര്യത്തിലും യേശുവിനുവേണ്ടി ജീവിക്കേണം. വീട്ടുകാര്യങ്ങളിൽ, സാമൂഹ്യ വിഷയങ്ങളിൽ, സഭാ കാര്യങ്ങളിൽ, നാം യഥാർത്ഥമായി അതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു എങ്കിൽ നം നേരിട്ടായിരിക്കേണം. യേശുവിൽ നമ്മെത്തന്നെ സമർപ്പിക്കേണ്ടത്. വിശ്വാസി തന്നെത്താൻ തന്റെ ക്രൂശു വഹിക്കേണം. ദൈവം അതൊരിക്കലും നമ്മുടെമേൽ വെച്ചു കെട്ടിയതുകൊണ്ടല്ല. നാം പൂർണ്ണമനസോടെ ക്രിസ്തുവിനെ പിൻതുടരുന്നു എങ്കിൽ നാം മനസോടെ ക്രൂശ് വഹിക്കേണം. നാം നമ്മുടെ ശരീരങ്ങളെ യാഗമായി സമർപ്പിക്കേണം. ക്രിസ്തു മനസോടെ കാൽവറിയിലേക്ക് പോയി, നമ്മുടെ സമർപ്പണവും മനസോടെ ആയിരിക്കേണം.

നമ്മുടെ സമർപ്പണം ക്രൂശിനാൽ പൂർണ്ണമാകുന്നു. ക്രൂശ് മരണത്തെ കാണിക്കുന്നു, സമർപ്പണം ഒരു ചെറിയ കാര്യമല്ല. ആദിമസഭ തങ്ങളുടെ സമർപ്പണത്തിന്റെ പൂർത്തീകരണത്തിനായി കർത്താവിനുവേണ്ടി രക്ത സാക്ഷികളാകയോ മരിക്കുകയോ ചെയ്തിട്ടുണ്ട്. നാമും ഇതു പോലെ ജീവിതകാലം മുഴുൻ കഷ്ടത അനുഭവിക്കുകയോ മരിക്കേണ്ടിവന്നാലോ അവിടുത്തെ മടങ്ങിവരവും വരെയും ആയിരിക്കാം.

രക്ഷകൻ നമുക്കുവേണ്ടി എല്ലാം അർപ്പിച്ചു, അവിടുന്ന് അതിൽ കുറഞ്ഞത് ഒന്നും നമ്മോട് ചോദിക്കുന്നില്ല. നമ്മെ ജീവനുള്ളയാഗമായി സമർപ്പിക്കാം. അത് യാഗപീഠത്തിൽ പൂർണ്ണമായി ഏല്പിക്കലാണ്. ഇതു ക്രിസ്തുവിനെ നമുക്ക് എല്ലാമാക്കിത്തീർക്കുകയാണ്. ❖

സമർപ്പണത്തെ പുതുക്കാം

By Jonathan Edwards

ഈ ദിവസം ഞാൻ എന്റെ സ്നാനത്തിന്റെ ഉടമ്പടി ഒന്നു കൂടെ പുതുക്കി, എന്റെ സ്വയ സമർപ്പണവും സഭാ കൂട്ടായ്മയിൽ ഞാൻ എടുക്കുപ്പെട്ടപ്പോൾ ഞാൻ ഓർത്തു. ഞാൻ എന്റെ ദൈവത്തിന്റെ മുമ്പാകെ ആയിരിക്കുന്നു, എന്നെ അവിടുത്തേക്ക് കൊടുത്തിരിക്കുന്നു, എന്നെ പൂർണ്ണമായി, എനിക്കുള്ളതെല്ലാം, ദൈവത്തിനർപ്പിച്ചിരിക്കുന്നു, ഞാൻ ഒന്നുമില്ല, എല്ലാ ബഹുമാനവും, എനിക്കുള്ളതെല്ലാം. വെല്ലുവിളിക്ക് എന്നിൽ ഒരു അധികാരവുമില്ല, എന്റെ ഇഷ്ടവും ഈ പ്രവൃത്തികൾ എന്നിലുള്ള സർവ്വവും. എന്റെ ശരീരത്തിൽ എനിക്ക് ഒരവകാശവുമില്ല, അഥവാ, എന്റെ അവയവങ്ങളിൽ എന്റെ നാവിന്, എന്റെ കൈകൾക്ക്, എന്റെ കാലുകൾക്ക്, എന്റെ ബുദ്ധിക്ക്, ഈ കണ്ണുകൾക്ക്, ഈ ചെവികൾക്ക് ഈ മണത്തിന്, ഈ രുചിക്ക്.

എന്നെതന്നെ പൂർണ്ണമായി കൊടുത്തിരിക്കുന്നു, സ്വന്തം എന്ന് പറയുവാൻ എന്റെ പക്കൽ ഒന്നുമില്ല. ഞാൻ രാവിലെ എന്നെ ദൈവസന്നിധിയിൽ പകരുന്നു, ഞാൻ അവിടുത്തേക്ക് തന്നിരിക്കുന്നു. എന്റെ സർവ്വ ശക്തിയും അവിടുത്തേക്ക് കൊടുത്തിരിക്കുന്നു, അതായത് ഭാവിക്കുവേണ്ടി, എനിക്കവകാശപ്പെടുവാൻ ഒന്നുമില്ല, ഏതു കാര്യത്തിലും ഞാൻ പൂർണ്ണമായി വാക്കു കൊടുത്തിരിക്കുന്നു, സർവ്വ ശക്തനായ ദൈവത്തിന് ഞാൻ വാഗ്ദത്തം ചെയ്യുന്നു, അവിടുത്തെ കൃപയാൽ, ഞാൻ ആരുമില്ല.

"ഞാൻ ഇന്ന് രാവിലെ എന്റെ ദൈവത്തോട് പറഞ്ഞു. എന്റെ മുഴു ഓഹരിയും സന്തോഷവും ആയി അവിടുത്തെ ഞാൻ എടുത്തിരിക്കുന്നു. എന്റെ സന്തോഷമായ മറ്റൊന്നിലേക്കും ഞാൻ നോക്കുന്നില്ല, അങ്ങനെയുള്ള ഒന്നിലേക്കും ഞാൻ നോക്കുന്നില്ല. അവിടുത്തെ ന്യായപ്രമാണം എന്റെ സ്ഥിരമായ ചട്ടങ്ങൾ ആയിരിക്കുന്നു, എന്റെ ജീവിതത്തിന്റെ അന്ത്യംവരെയും എന്റെ പോരാട്ടത്തിൽ, എല്ലാ ശക്തിയും, ലോകം, ജഡം, പിശാച് എന്നീ ശക്തികളോടുള്ള പോരാട്ടത്തിലും അവിടുന്ന് എന്റെ ബലം ആകുന്നു, ഞാൻ എന്റെ യേശുവിൽ വിശ്വസിച്ചിരിക്കുന്നു. എന്റെ കർത്താവു രക്ഷിതാവുമായി ഞാൻ ഏറ്റുകൊണ്ടിരിക്കുന്നു. എന്റെ വിശ്വാസത്തിന്റെ നായകനായി ഞാൻ ഏറ്റുകൊണ്ടിരിക്കുന്നു, ഞാൻ തന്റെ വചനങ്ങളെ അനുസരിക്കും, എന്റെ കഷ്ടങ്ങളിലും പ്രയാസങ്ങളിലും എന്റെ ഏറ്റു പറച്ചിലും അനുഭവവും അതായിരിക്കട്ടെ, എന്റെ ഉപദേഷ്ടാവും വിശുദ്ധീകരണവും എന്നെ ആശ്വസിപ്പിക്കുന്നവനും, എന്നെ ശുദ്ധീകരിക്കുന്നവനും ഉറപ്പിക്കുന്നവനും എന്റെ സഹായകനും ആകുന്നു. ഇത് ഞാൻ ചെയ്തിരിക്കുന്നു; ഞാൻ പ്രാർത്ഥിക്കും, ക്രിസ്തുവിനുവേണ്ടി, എന്നെ സമർപ്പിക്കും, തന്റെ സ്വന്തമായി എന്നെ തീർത്തിരിക്കുന്നു. എന്റെ എല്ലാ ബഹുമാനങ്ങളും പുകഴ്ചയും അവിടുത്തേക്ക് അർപ്പിക്കുന്നു.

ഇപ്പോൾ ഞാൻ സ്വന്തമായി ഒന്നും അന്വേഷിക്കുന്നില്ല. ദൈവത്തിന്റെ മഹത്വത്തിനല്ലാത്തത് ഒന്നും ഞാൻ ചെയ്കയില്ല. ജീവകാലമൊക്കെയും ദൈവത്തിന്റെ നാമ മഹത്വത്തിനായി ഞാൻ പ്രവർത്തിക്കും. ❖